അപ്പൻഡിക്സ്-എച്ച്4

നോട്ടീസ്

ശ്രീ . ബോബിൻ ജോസ് ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ,കുടുംബാരോഗ്യ കേന്ദ്രം കാമാക്ഷി എന്നയാളെ അറിയിക്കുന്നത് എന്തെന്നാൽ, 1960-ലെ കേരളാ സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെൻറ് സഹിതമുള്ള ചാർജ്ജ് മെമ്മോ നം.എ5-2416/2024 ജി.മെ.ആ(ആ) ഇടുക്കി തീയതി 30.01.2025 പ്രകാരം ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽ വിലാസത്തിൽ അറിയിച്ചിരുന്നു. എന്നാൽ ആ ചാർജ്ജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ മേൽ വിലാസക്കാരൻ ഇപ്പോൾ അവിടെ താമസമില്ലായെന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസ്(ആരോഗ്യം)-ലേയ്ക്ക് മടക്കി അയയ്ക്കുകയുണ്ടായി. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്ത പക്ഷം നിങ്ങൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതും കെ.സി.എസ്& സി.സി.എ ചട്ടം 11 പ്രകാരം സർവ്വീസിൽ നിന്ന് പിരിച്ച് വിടുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ മെമ്മോയുടെ പൂർണ്ണ രൂപം നിശ്ചിത കാലാവധിക്ക് മുമ്പ് ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും ആഫീസ് പ്രവർത്തിസമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകികൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

വിശ്വസ്തതയോടെ

ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) ഇടുക്കി 685 603

Signed by
ഡോ. സുരേഷ് വർഗ്ഗീസ്.എസ്
Suresh Varghese S
ജില്ലാ മെഡിക്കൽ ആഫീസർ (ആ) ഇടുക്കി
Date: 12-03-2025 16:41:15

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
ഇടുക്കി

ശ്രീ ബോബിൻ ജോസ് ,
പള്ളികുന്നേൽ ഹൗസ് ,
കാളിയാർ പി.ഒ ,
തൊടുപുഴ ,
ഇടുക്കി - 685607

രജിസ്റ്റേർഡ് പോസ്റ്റ് മടക്ക രസീത് സഹിതം

നം.DMOH-IDK/2416/2024-A5 ജില്ലാ മെഡിക്കൽ ഓഫീസ്

(ആരോഗ്യം),ഇടുക്കി തിയതി: 30-01-2025

## കുറ്റാരോപണ മെമ്മോ

ശ്രീ ബോബിൻ ജോസ്(PEN: 332247) , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് .2 , കുടുംബാരോഗ്യ കേന്ദ്രം കാമാക്ഷി - യുടെ പേരിലുള്ള കുറ്റാരോപണം.

കാമാക്ഷി കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്.2 ആയ ശ്രീ ബോബിൻ ജോസ്(PEN: 332247) എന്ന താങ്കൾ, 01/08/2023മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു എന്ന കുറ്റം ചെയ്തിരിക്കയാൽ 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 15 പ്രകാരം ഉദ്ദേശിച്ചിട്ടുള്ള തരത്തിൽ താങ്കൾക്കെതിരായ അച്ചടക്ക നടപടി എടുക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊള്ളുന്നു. എതിർ വാദങ്ങളടങ്ങിയ നിങ്ങളുടെ വിവര പത്രിക സമർപ്പിക്കുന്നതിന് ഈ അറിയിപ്പ് കിട്ടുന്ന തീയതി മുതൽ പതിനഞ്ച് (15) ദിവസങ്ങൾ താങ്കൾക്ക് അനുവദിച്ചിരിക്കുന്നു.അത്തരം ഒരു വിവര പത്രിക, പ്രസ്തുത കാലാവധിക്കകം ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് എതിർ വാദങ്ങളൊന്നും നൽകാനില്ലെന്ന അടിസ്ഥാനത്തിൽ നടപടിയുമായി മുന്നോട്ടു പോകുന്നതാണ്. താങ്കൾക്ക് നേരിൽ എന്തെങ്കിലും ബോധിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആ വിവരവും അറിയിക്കേണ്ടതാണ്. ആരോപണ പത്രികയിൽ പറഞ്ഞിരിക്കുന്ന ആരോപണങ്ങൾക്കു അടിസ്ഥാനമായ രേഖകൾ നേരിൽ കാണുന്നതിനും ആയവ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ സാന്നിധ്യത്തിൽ കുറിച്ചെടുക്കുന്നതിനും താങ്കൾക്ക് രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്. ആയതിലേക്ക് വിവര പത്രിക സമർപ്പിക്കുന്നതിന് നിശ്ചിത തീയതിയ്ക്ക് മുൻപ് മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കേണ്ടതാണ്

മേൽ പറഞ്ഞിരിക്കുന്ന കുറ്റത്തിന് അടിസ്ഥാനമായ ആരോപണങ്ങളുടെ ഒരു പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു

## കുറ്റാരോപണ പത്രിക

കാമാക്ഷി കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് .2 ആയ ശ്രീ ബോബിൻ ജോസ് (PEN: 332247) എന്ന താങ്കൾ, 01/08/2023മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു.

താങ്കളുടെ മേൽ പ്രവൃത്തി കടുത്ത അച്ചടക്ക ലംഘനവും, ഗുരുതരമായ കൃത്യവിലോപവും, ഔദ്യോഗിക സ്വഭാവദൂഷ്യവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ട ലംഘനവും, കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവുമാകയാൽ താങ്കൾക്കെതിരെ 1960 ലെ കെ.സി.എസ്.(സി.സി.&എ) ചട്ടം 15 അനുസരിച്ചു

അച്ചടക്ക നടപടി എടുക്കാൻ കാരണമാകുന്നു.അതിനാൽ ഈ കുറ്റപത്രം നൽകുന്നു.

ഡോ സുരേഷ് വർഗീസ് എസ്

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)ഇടുക്കി

ആരോപണത്തിനടിസ്ഥാനം:-(1) കത്ത് നം. 49/2024, MO,എഫ്. എച്. സി. കാമാക്ഷി , തീയതി: 21/11/2024

സ്വീകർത്താവ്

ശ്രീ ബോബിൻ ജോസ്,

പള്ളികുന്നേൽ ഹൗസ്,

കാളിയാർ പി ഓ ,തൊടുപുഴ ,ഇടുക്കി , (2പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരെണ്ണത്തിൽ താങ്കളുടെ തീയതിയോടു കൂടിയ കയ്യൊപ്പ് രേഖപ്പെടുത്തി തിരിച്ചയച്ചു തരേണ്ടതാണ്

പകർപ്പ്

1)മെഡിക്കൽ ഓഫീസർ , കുടുംബാരോഗ്യ കേന്ദ്രം കാമാക്ഷി

2)ഫയൽ /കരുതൽ ഫയൽ

Signed by
Suresh Varghese S
Date: 30-01-2025 13:52:11

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
ഇടുക്കി